(ബി) നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികളേതെല്ലാം;

(സി) ഏറെനടുത്ത് പണി നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികളേതെല്ലാം?

ഉത്തരം

(എ) കുറ്റ്യാടി, കേരള ഷോളയാർ, പെരിങ്ങൽകുത്ത്, പള്ളിവാസൽ, ചെങ്കുളം പണിയാർ, നേര്യമംഗലം, ഇടുക്കി, ശബരിഗിരി എന്നിവയാണ് നിലവിലുള്ള പദ്ധതികൾ.

(ബി) ലോവർ പെരിയാർ, കല്ലട എന്നീ പദ്ധതികളും നിർമ്മാണം ഏതാണ്ട് പൂർത്തിയായ ഇടുക്കി രണ്ടാംഘട്ടവും, കുറ്റ്യാടി, ഇടുക്കി, ശബരിഗിരി ആഗ്മെന്റേഷൻ സ്കീമുകളും ഈ ഇനത്തിൽ പെടും.

(സി) കൃത്യമായ വിവരം ശേഖരിച്ചുവരുന്നു.

പുതിയ ജല വൈദ്യുത പദ്ധതികൾ

510 [565] ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ:
,, എം. ജിനദേവൻ:
,, സി. ടി. കൃഷ്ണൻ:
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, ടി. കെ. ഹംസ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) 1978–നു ശേഷം സംസ്ഥാനത്തു പുതുതായി ഏതെങ്കിലും ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(ബി) ഇപ്പോൾ ഏതെങ്കിലും പദ്ധതികൾ നിർമ്മാണത്തിൽ ഉണ്ടോ; എങ്കിൽ ഏതെല്ലാം;

(സി) ഇവയുടെ പണി എന്നത്തേക്കു പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) പണി പൂർത്തിയാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തു കൊണ്ട്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തു ആരംഭിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികൾ ഏവ;

(എഫ്) ഏഴാം പദ്ധതിയിൽ പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഏതെല്ലാം;

(ജി) കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി ഏതെങ്കിലും പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) കേന്ദ്രം ഇതിൽ എത്രയെണ്ണത്തിനു അനുമതി നൽകി;

(ഐ) ഏതെങ്കിലും പദ്ധതിക്ക് അനുമതി നിഷേധിച്ചിട്ടുണ്ടോ;

(ജെ) എങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഇടുക്കി മൂന്നാംഘട്ടം ശബരിഗിരി ആഗ്മെന്റേഷൻ സ്കീം എന്നിവയിൽ നിന്നും ഭാഗികമായി പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇടുക്കി രണ്ടാംഘട്ടത്തിന്റെ മൂന്നു ജനറേറ്ററുകളിൽ രണ്ടെണ്ണം (2 x 130 മെഗാവാട്ട്) കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി മുതൽ ജെ വരെ) കൃത്യമായ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

ഇലക്ട്രിക്കൽ മേജർ ഡിവിഷനുകൾ

511 [566] ശ്രീ. കെ. പി. എ. മജീദ്:
,, സി. ടി. അഹമ്മദ് അലി:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, നാലകത്ത് സൂപ്പി:
,, പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യുച്ഛക്തി ബോർഡിന് എത്ര ഇലക്ട്രിക്കൽ മേജർ ഡിവിഷനുകൾ നിലവിൽ ഉണ്ട്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച ഡിവിഷനുകൾ എത്ര;

(സി) പുതുതായി അനുവദിച്ച ഡിവിഷനുകൾ നിർത്തലാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തുകൊണ്ട്;

(ഇ) പുതിയ ഇലക്ട്രിക്കൽ മേജർ ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) മേജർ ഡിവിഷനുകൾ എന്നൊന്ന് ഇപ്പോൾ നിലവിൽ ഇല്ല.

(ബി) നാല്.

(സി) ഇല്ല.

(ഡി) 'സി' ക്കു നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം പ്രസക്തമല്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly